നമ്പർ: DTE TVM/2140/2024-ACB2

# സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

പത്മവിലാസം സ്ട്രീറ്റ്, ഫോർട്ട്,
നാലുമുക്ക്, തിരുവനന്തപുരം.

## വിജ്ഞാപനം

സൂചിക: **G.O.(Ms)No.222/2024/HEDN Dated 03/04/2024**

## 2024-25 ലെ ബാച്ലർ ഓഫ് ഡിസൈൻ റഗുലർ കോഴ്സിലേയ്ക്കുള്ള പ്രവേശനം

1. കേരളത്തിലെ എ.ഐ.സി.റ്റി.ഇ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2024-25 വർഷത്തെ ബാച്ലർ ഓഫ് ഡിസൈൻ (ബി.ഡെസ്) കോഴ്സിലേയ്ക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർക്ക് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിൻറെ ഏതെങ്കിലും ഒരു ശാഖ വഴിയോ 2024 ഏപ്രിൽ 06 മുതൽ ഏപ്രിൽ 30 വരെ അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പണം 2024 മെയ് 1 വരെ. അപേക്ഷ ഫീസ് പൊതുവിഭാഗത്തിന് 1200 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 600 രൂപയുമാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. (വിശദവിവരങ്ങൾക്ക് പ്രോസ്പെക്ട്സ് സന്ദർശിക്കുക).

**2. പ്രവേശനത്തിനു വേ യോഗ്യതകൾ:**

**1) നേറ്റിവിറ്റി:** വിശദവിവരങ്ങൾക്ക് പ്രോസ്പെക്ട്സ് സന്ദർശിക്കുക.

**2) വിദ്യാഭ്യാസ യോഗ്യത:**

അപേക്ഷകർ കേരള ഹയർ സെക്കൻഡറി ബോർഡിൻറെ പ്ലസ് ടു യോഗ്യതാപരീക്ഷയിലോ, തത്തുല്യം എന്ന് അംഗീകരിക്കപ്പെട്ട മറ്റു ഏതെങ്കിലും യോഗ്യതാപരീക്ഷയിലോ 45% മാർക്കോടെ പാസ്സായിരിക്കണം. സംവരണ വിഭാഗക്കാർ ആകെ 40% മാർക്ക് നേടിയിരിക്കണം. മാർക്ക് അടുത്ത പൂർണസംഖ്യയിലേക്ക് നിജപ്പെടുത്തുന്നതല്ല.

**3) പ്രവേശന പരീക്ഷ:** തിരഞ്ഞെടുക്കപ്പെട്ട പരീക്ഷ കേന്ദ്രങ്ങളിൽ വെച്ച് പ്രവേശന പരീക്ഷ നടത്തുന്നതാണ്. പരീക്ഷ തീയതി പിന്നീട് അറിയിക്കുന്നതാണ്. സോഷ്യൽ ആൻഡ് ബേസിക് സയൻസസ് (10th ലെവൽ), ജനറൽ നോളഡ്ജ്, ഇംഗ്ലീഷ് ലാംഗ്വേജ്, ന്യൂമെറിക്കൽ എബിലിറ്റി ആൻഡ് അനലിറ്റിക്കൽ ആപ്റ്റിട്യൂട്, ഡിസൈൻ അവേർനെസ്സ് എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒബ്ജക്റ്റീവ് മാതൃകയിലുള്ള പരീക്ഷയായിരിക്കും. 100 മിനിറ്റ് ദൈർഘ്യത്തിൽ 100 ചോദ്യങ്ങൾ ഉൾപ്പെട്ടതായിരിക്കും പരീക്ഷ.

**4) അപേക്ഷകരെ തിരഞ്ഞെടുക്കൽ:**

ഉദ്യോഗാർത്ഥികൾക്ക് മേൽപ്പറഞ്ഞ വിദ്യാഭ്യാസ യോഗ്യത അനിവാര്യമാണ്. കോഴ്സിലേക്കുള്ള പ്രവേശനം എൽ.ബി.എസ് സെൻറർ നടത്തുന്ന കേരള സ്റ്റേറ്റ് ഡിസൈൻ ആൻഡ് ആപ്റ്റിട്യൂട് ടെസ്റ്റ് (**KSDAT**) പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രകാരം മാത്രം ആയിരിക്കും. മേൽപ്പറഞ്ഞ പരീക്ഷയുടെ മാനദണ്ഡത്തിൽ തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റിൽ നിന്നും പ്രത്യേക / നിർദേശാനുസൃത സംവരണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിയ്ക്കും അലോട്ട്മെന്റ് നടത്തുന്നത്. അലോട്ട്മെന്റ് കേന്ദ്രീകൃതമായ രീതിയിൽ ആയിരിക്കും നടത്തുന്നത്. പ്രവേശന പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റുകൾ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും അത് സംബന്ധിച്ചു അറിയിപ്പ് നൽകുന്ന മുറയ്ക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഹാൾ ടിക്കറ്റ് തപാലിൽ അയക്കുന്നതല്ല. പ്രവേശന

